**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 631** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ആദിവാസി ഗോത്ര വിഭാഗക്കാരായ മെൻറർ അധ്യാപകർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. ടി. ബൽറാം

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ടോണി ചമ്മണി

ശ്രീ. മുഹമ്മദ് ഷിയാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ആദിവാസി വിദ്യാർത്ഥികൾക്ക് പിന്തുണ നൽകാനായി നിയമിച്ച ആദിവാസി ഗോത്ര വിഭാഗക്കാരായ മെന്റർ അധ്യാപകരെ പിരിച്ചുവിട്ടു എന്ന ആരോപണം അടിസ്ഥാനരഹിതമാണോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** അടിസ്ഥാനരഹിതമാണ്.

ഗോത്രബന്ധു പദ്ധതി പ്രകാരമുള്ള നിയമനങ്ങൾ ഓരോ അധ്യയന വർഷത്തേക്ക് മാത്രമായി നൽകുന്ന താൽക്കാലിക നിയമനങ്ങളാണ്. ഇതനുസരിച്ച് ഓരോ സാമ്പത്തിക വർഷാവസാനവും മെന്റർ ടീച്ചർമാരുടെ കാലാവധി അവസാനിക്കുകയും, അടുത്ത അധ്യയന വർഷാരംഭത്തിൽ പുതിയ നിയമനം നടത്തുകയും ചെയ്യുന്ന രീതിയാണ് തുടർച്ചയായി സ്വീകരിച്ചു വരുന്നത്. പദ്ധതി നിർത്തലാക്കിയിട്ടില്ല. 2026-27 അധ്യയന വർഷത്തേക്കും പദ്ധതി തുടരുന്നതിന്റെ ഭാഗമായി വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലായി മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിനുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**(ബി)** എത്ര വർഷത്തെ കരാറിലാണ് ഓരോ വർഷവും മെന്റർ അധ്യാപകരെ നിയമിക്കുന്നതെന്നും നിലവിൽ എത്ര പേരാണ് ടി തസ്തികയിൽ ഉണ്ടായിരുന്നതെന്നും വിശദമാക്കുമോ;

**<u>മറുപടി:</u>** മെന്റർ ടീച്ചർമാരെ കരാർ അടിസ്ഥാനത്തിൽ അല്ല നിയമിച്ചിരുന്നത്. താത്കാലിക ദിവസവേതന അടിസ്ഥാനത്തിൽ ആണ് നിയമിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷാവസാനം ദിവസവേതന വ്യവസ്ഥയിൽ മാറ്റം വരുത്തി പരമാവധി 21,900/- രൂപ കൺസോളിഡേറ്റഡ് പ്രതിഫലമാക്കി, സർക്കാർ ഉത്തരവായിരുന്നു.

സംസ്ഥാനത്ത് ഗോത്രബന്ധു പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നുമാണ് മെന്റർ ടീച്ചർമാരെ നിയമിക്കുന്നത്. 2025-26 വർഷത്തിൽ ഇത്തരത്തിൽ നിയമിച്ചവരിൽ 289 മെന്റർ ടീച്ചർമാർ മാത്രമാണ് തസ്തികയിൽ തുടർന്നിരുന്നത്.

**(സി)** അഭിമുഖം നടത്തി ഏറ്റവും യോഗ്യരായവരെ തന്നെ മെന്റർ അധ്യാപകരായി പുതിയ അധ്യയന വർഷത്തേക്ക് നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** എഴുത്തു പരീക്ഷയും അഭിമുഖവും വഴി സുതാര്യമായാണ് മെന്റർ ടീച്ചർമാരെ തെരഞ്ഞെടുക്കുന്നത്. മുൻ വർഷങ്ങളിൽ സേവനമനുഷ്ഠിച്ച യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിനായി വീണ്ടും അപേക്ഷിക്കാൻ അവസരമുണ്ട്. കൂടാതെ പ്രാദേശിക ഭാഷയും സംസ്കാരവും അറിയുന്ന അനുയോജ്യരായവരെ കണ്ടെത്താൻ പണിയ, അടിയ, ഇരുളർ, മുഡുഗർ തുടങ്ങിയ വിഭാഗങ്ങൾക്കും പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾക്കും (PVTG) തെരഞ്ഞെടുപ്പിൽ മുൻഗണന നൽകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**